(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ):

(എ) രേണഘടനാ വ്യവസ്ഥകളനുസരിച്ച് ഈവക കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനുള്ള അധികാരം പബ്ലിക് സർവ്വീസ് കമ്മീഷനു തന്നെയാണ്. അതിനാൽ പി.എസ്.സി. നടത്തുന്ന തിരഞ്ഞെടുപ്പ് നടപടിക്രമങ്ങളും ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോഴും ഗവൺമെൻറിന്റെ പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പി.എസ്.സി. യുടെ അപേക്ഷാ ഫാറത്തിൽ വാർഷിക വരുമാനം കാണിക്കാൻ നടപടി

* 570 [606] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പി.എസ്.സി.യുടെ എല്ലാ അപേക്ഷാഫാറത്തിലും കുടുംബത്തിന്റെ വാർഷികവരുമാനം കാണിക്കുന്ന കോളം ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): നിലവിലുള്ള സാഹചര്യങ്ങളിൽ അതിന്റെ ആവശ്യം ഉണ്ടെന്ന് ഗവൺമെൻറ് കരുതുന്നില്ല.

രാഷ്ട്രീയ സംഘർഷം

* 571 [607] ശ്രീ. സേവ്യർ അറയ്ക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 3 മാസത്തിനുള്ളിൽ രാഷ്ട്രീയ സംഘർഷം മൂലം എവിടെയെങ്കിലും ഭീകരാവസ്ഥ സൃഷ്ടിക്കപ്പെട്ടതായി പരാതികൾ ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി):

(എ) അത്തരം പരാതികൾ ഉണ്ടായതായിട്ടറിവില്ല.

(ബി) ഉദിക്കുന്നില്ല.

വനിതാ പോലീസ്

* 572 [608] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര വനിതാ പോലീസുകാരുണ്ട്;

(ബി) വനിതാപോലീസുകാരുടെ എണ്ണം കൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly